കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിക്കുകയും കുറ്റവാളികളെ കണ്ടുപിടിച്ച് നിയമാനുസരണം ശിക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഹെലിക്കോപ്ടറിന്റെ സേവനം ലഭ്യമാക്കുന്ന കാര്യവും റിമോട്ട് സെൻസിംഗ് ടെക്നിക് നടപ്പിലാക്കുവാനും സാധിക്കുമോ എന്നതിനെക്കുറിച്ചും പരിശോധിച്ചുവരികയാണ്. കഞ്ചാവുകൃഷി നശിപ്പിക്കുന്നതിന് ജി.ഒ.(ആർ‌ടി.) 356/05/വനം തീയതി 24-6-2005 പ്രകാരം എല്ലാ ജില്ലകളിലും വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കടവരി, കമ്പക്കല്ല് ഭാഗത്ത് രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. കഞ്ചാവ് കൂടുതൽ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ ജീവനക്കാർക്കുവേണ്ട ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

തേനാമ്പാറ ലിഫ്ട് ഇറിഗേഷന്റെ രണ്ടാം ഘട്ടം പ്രവർത്തനം

38 [3291] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനാമ്പാറ ലിഫ്ട് ഇറിഗേഷന്റെ രണ്ടാം ഘട്ടം പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്കുവേണ്ടി നിർമ്മിച്ചിരുന്ന കനാലുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(സി) ഈ കനാലുകൾ നിർമ്മിക്കാൻ സ്ഥലം അക്വയർ ചെയ്തിരുന്നോ; ഇപ്രകാരം അക്വയർ ചെയ്ത സ്ഥലം ഇപ്പോൾ ആരെങ്കിലും കയ്യേറിയിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലം ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഏത് കാലഘട്ടത്തിലാണ് കനാലുകളുടെ പ്രവൃത്തികൾ നടത്തിയത്; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും പദ്ധതിയുടെ ആയക്കെട്ട് ഏരിയ എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തേനാമ്പാറ ലിഫ്ട് ഇറിഗേഷന്റെ രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് 2004 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി തയ്യാറാക്കിവരുന്നു.

(ബി) ഈ പദ്ധതിക്കുവേണ്ടി നിർമ്മിച്ചിരുന്ന മെയിൻ കനാലിൽ 1780 മീറ്റർ വരെ ജലസേചന സൗകര്യം ലഭ്യമാണ്. രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടൊപ്പം 5100 മീറ്റർവരെ ജലസേചന സൗകര്യം ലഭ്യമാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്കുവേണ്ട സ്ഥലം ഉപഭോക്താക്കൾ സൗജന്യമായി സറണ്ടർ ചെയ്തിട്ടുള്ളതാണ്. കനാൽ നിർമ്മിക്കാത്ത സ്ഥലങ്ങളിൽ ഉപഭോക്താക്കൾ തന്നെ പ്രസ്തുത സ്ഥലം കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത സ്ഥലം പദ്ധതിക്കായി എപ്പോഴും ലഭ്യമാണ്.

(ഡി) 1980-1985 കാലഘട്ടങ്ങളിലാണ് പ്രസ്തുത കനാലുപണികൾ നടത്തിയിട്ടുള്ളത്. ആദ്യം 12 ലക്ഷം രൂപയും തുടർന്ന് 37 ലക്ഷമായും എസ്റ്റിമേറ്റ് ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 2004 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഉദ്ദേശം 1.95 കോടി രൂപ വരുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ഇപ്പോഴത്തെ ആയക്കെട്ട് 244.13 ഹെക്ടറും രണ്ടാം ഘട്ടം പൂർത്തിയാകുമ്പോൾ 490.13 ഹെക്ടറുമാണ്.

എം.വി.ഐ.പി. കനാലുകൾ

39 [3292] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന എം.വി.ഐ.പി.യുടെ ഏതെല്ലാം കനാലുകളാണ് ഇനിയും പണി പൂർത്തിയാക്കാനുള്ളത്;

(ബി) ഇതിന്റെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നത്;

(ഡി) എന്നത്തേക്ക് ഇതിന്റെ പണികൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന എം.വി.ഐ.പി. യുടെ ഇനിയും പണി പൂർത്തിയാക്കാനുള്ള കനാലുകൾ താഴെ പറയുന്നവയാണ്:

കനാൽ	*ചെയിനേജ്*			
സൗത്ത് കക്കാട്	4785 മീ.	–	4970 മീ.	വരെ
ഓണക്കൂർ	0 മീ.	–	5200 മീ.	
കാക്കൂർ	2000 മീ.	–	4000 മീ.	

LIBRARY ARCHIVES Kerala Legislative Assembly